കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടപ്പറ്റ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം13/1824 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം,

ഇ-മെയിൽ -dompm.ksad@kerala.gov.in

ഫോൺ 0483 2734951

തീയതി. 21/08/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

എടപ്പറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടപ്പറ്റ ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ.8/17

നം. കെ.എസ്.എ.എം.പി.എം16/1824/17 തിയ്യതി:21 /08 /2017

## മലപ്പുറം ജില്ലയിലെ എടപ്പറ്റഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-12-2016 മുതൽ 13-7-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.എസ്.ഷാജഹാൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24.07.2017 മുതൽ 01.08.2017 വരെ. |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.ടി.കെ.നസീർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.പി.ടി.സന്തോഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ.യൂസഫ്.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീമതി.തനൂജ.എൻ.പി. 01.04.2016 മുതൽ 31.03.2017 വരെ

സെക്രട്ടറി

ശ്രീ.അബ്ദുൽ മജീദ്.പി.എം. 01.04.2016 മുതൽ 01.08.2016FNവരെ

ശ്രീമതി.മിനിമോൾ.സി.(ഇൻ ചാർജ്) 01.08.2016AN മുതൽ 10.08.2016വരെ

ശ്രീ.രാജേഷ് കുമാർ.എസ്. 11.08.2016 മുതൽ 24.03.2017 വരെ.

ശ്രീ.സുഹാസ് ലാൽ എസ്.(ഇൻ ചാർജ്) 25.03.2017 മുതൽ 31.03.2017 വരെ.

മറ്റു നിർവ്വഹണ ഉദ്യോഗസ്ഥർ :

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.എം.പി.ജോസ് | 01.04.2016മുതൽ31.03.2017വരെ |
| വി.ഇ.ഒ. | ശ്രീ.പളനിസ്വാമി.എൻ | 01.04.2016മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ. | ശ്രീ.മുരളീധരൻ പിള്ള | 01.04.2016മുതൽ24.10.2016വരെ |
| | ശ്രീമതി.ആഷ് ലി ജോർജ് | 25.10.2016മുതൽ31.03.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സ്വപ്ന | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.നിമിഷ.പി | 01.04.2016മുതൽ28.08.2016വരെ |
| | ഡോ.സജ്ന. | 29.08.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ. (ആയുർവേദം) | ഡോ.ദിൽഷ.കെ.ബി. | 01.04.2016മുതൽ31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.ഫിസാ ഷെമീം | 01.04.2016മുതൽ31.03.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അബ്ദുൽ ഖാദർ | 01.04.2016മുതൽ31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.മിനിമോൾ.സി. | 01.04.2016മുതൽ30.12.2016വരെ |
| | ഒഴിവ് | 01-01-2017 മുതൽ 05-01-2017 വരെ |
| | ശ്രീ.സുഹാസ് ലാൽ. എസ്. | 06.01.2017മുതൽ31.03.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | അനുബന്ധ പത്രികകൾ | 1-11 | |
| | ഭാഗം 2<br>(ഇല്ല) | | |
| | ഭാഗം 3 | | |
| 1 | കൺവീനർക്ക് 62643 രൂപ അധികം നൽകി | 3-1 | |
| 2 | ടാറിംഗ് പ്രവൃത്തികൾക്ക് ടാർ വാങ്ങിയത് പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം | 3-2 | |
| 3 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല | 3-3 | |
| 4 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. | 3-4 | |
| 5 | തുല്യതാ പഠിതാക്കളുടെ പരീക്ഷ ഫീസ് നൽകൽ-രേഖകൾ ഹാജരാക്കിയില്ല | 3-5 | |
| 6 | മരുന്നുകൾ യഥാസമയം ലഭ്യമാക്കിയില്ല | 3-6 | |
| 7 | ആശ്രയ പദ്ധതി അവലോകനം | 3-7 | |
| | ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |

| | | | |
|---|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 | |
| | അനുബന്ധങ്ങൾ | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി 1/05.3.2016

പുതുക്കിയ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി 1/25.03.2017

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 19.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക കണക്കുകളിലെ അപാകതകൾ

1).2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-3) പരിഹരിച്ചിട്ടില്ല.

2).വാർഷിക കണക്കുകളുടെ കൂടെ അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ സമർപ്പിച്ചിട്ടില്ല.

3).വാർഷിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ നൽകിയിട്ടില്ല.

4).ധനകാര്യവർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

5).അക്രുവൽ അടിസ്ഥാനത്തിലെക്ക് മാറുന്നതിന് തൊട്ടുമുൻപുള്ള മാർച്ച് മാസത്തെ മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൻ വർഷത്തെ മുഴുവൻ വിവരങ്ങളുംഉൾപ്പെടുത്തിയിട്ടുണ്ട്.

6).പഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

7). സഞ്ചയ ഡി.സി.ബി.രജിസ്റ്റർ പ്രകാരം ആകെ വസ്തുനികുതി കുടിശ്ശിക 254573 രൂപയാണ്. ലൈബ്രറി സെസ്13268രൂപയും. എന്നാൽ വാർഷിക കണക്ക് പ്രകാരം (ഷെഡ്യൂൾ B-15) ആകെ വസ്തുനികുതി കുടിശ്ശിക 208565.98 രൂപയും ലൈബ്രറി സെസ് 9933.20 രൂപയുമാണ്.

8).2015-16വാർഷിക കണക്ക് (ഷെഡ്യൂൾ B-15) പ്രകാരം തൊഴിൽ നികുതി കുടിശ്ശികയില്ല.എന്നാൽ 116031300072/06.04.2016 പ്രകാരം 600 രൂപ തൊഴിൽ നികുതി 2016-17 ൽ കളക്ഷനുണ്ട്. ഇപ്രകാരം 2016-17 വാർഷിക കണക്കിലും തൊഴിൽ നികുതി കുടിശ്ശികയില്ല. എന്നാൽ 11303010026/ 18.5.17 പ്രകാരം

1250/-, 117030100259/18.5.17 പ്രകാരം 2680/-, 117030100293/24.5.17 പ്രകാരം 8500/- രൂപയും തൊഴിൽ

നികുതി 2017-18 ൽ കളക്ഷനുണ്ട്.ഇപ്രകാരമുള്ള കുടിശ്ശിക വിവരം വാർഷിക കണക്കിൽ ഇല്ല.

9).ബാലൻസ് ഷീറ്റ് B-3ഷെഡ്യൂൾ പ്രകാരം വിനിയോഗിച്ച ഗുണഭോക്തൃ വിഹിതം 19,29,412 രൂപയുണ്ട്. ആയതിന്

ജേർണൽ നൽകി റവന്യൂ എക്സ്പെൻഡീച്ചർ ആക്കി മാറ്റാതെ ബാധ്യതയാക്കി നിലനിറുത്തിയിട്ടുണ്ട്.

10).സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 56,191/-രൂപ ബാലൻസ് ഷീറ്റ് (B-4)പ്രകാരം

ബാധ്യതയുണ്ട്.ആയത് ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 12495669 |
| വരവ് | 61635049 |
| ആകെ | 74130718 |
| ചെലവ് | 62899184 |
| നീക്കിബാക്കി | 11231534 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക (അലോട്മെന്റ്) | ആകെ തുക | ചെലവ് തുക | സർക്കാർ തിരിച്ചു പിടിച്ച തുക/ നീക്കിബാക്കി | ചെലവ് ശതമാനം | 40(b) പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9959451 | 9959451 | 8430514 | 1528937 | 84.65 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3575064 | 3575064 | 2848992 | 726072 | 79.69 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10571394 | 10571394 | 7356097 | 3215297 | 69.56 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2678088 | 2678088 | 2276280 | 401808 | 85 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5585805 | 5585805 | 3302006 | 2283799 | 59.11 | 0 |
| ലോക ബാങ്ക് സഹായം (സെൻട്രൽ) | 0 | 14156199 | 14156199 | 8155378 | 6000821 | 57.61 | 0 |
| ലോക ബാങ്ക് സഹായം (സ്റ്റേറ്റ്) | 0 | 8768762 | 8768762 | 3667037 | 5101725 | 41.82 | 0 |
| എം. എൻ. ആർ.ഇ. ജി.എസ് | 203.50 | 17524534.50 | 17524738 | 17520559.50 | 4178.50 | 99.98 | 4178.5 |
| ബി.ഫണ്ട്. | 00 | 26805980 | 26805980 | 26805980 | 00 | 100 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 65951434 | 145 | 40426149 | 0 | 57 | 71.8 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 564480 | 584450 | 19970 | +3.53 |
| നികുതിയേതര വരവുകൾ | 312252 | 398399 | 86147 | +27.59 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 148475 | 39929 | 108546 | -73.1 |
| ആകെ | 1025207 | 1022778 | 2429 | -0.23 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്രമ നം. | പദ്ധതി | വിതരണം ചെയ്ത തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 3414360 | 1783 |
| 2 | തൊഴിൽ രഹിത വേതനം | 90240 | 72 |
| 3 | വിധവാ പെൻഷൻ | 9890110 | 4127 |
| 4 | വികലാംഗ പെൻഷൻ | 2482585 | 1106 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 329730 | 152 |
| 6 | വാർദ്ധക്യകാല പെൻഷൻ | 10358955 | 3912 |
| 7 | വിവാഹ ധനസഹായം | 240000 | 08 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. തലേ ദിവസത്തെ കളക്ഷൻ 1685 രൂപ പ്രസ്തുത ദിവസം തന്നെ ബാങ്കിൽ അടവാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 21.07.2017 | ജൂൺ/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. | -- |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 15.3.2010 to 26.3.2010 | 2004-05 to 2008-2009 | 29-04-2010 | ഇല്ല |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൺവീനർക്ക് 62643 രൂപ അധികം നൽകി

നി.ഉദ്യോഗസ്ഥൻ : അസി: എഞ്ചിനീയർ

പദ്ധതി : പാർക്കിംഗ് കോംപ്ളക്സിന് മുകളിൽ ഓഡിറ്റോറിയം നിർമ്മാണം(292/15, 82/16)

അടങ്കൽ : 1075000 രൂപ

കൺവീനർ : ശ്രീ. തോമസ്

കരാർ : 2/2015-16/1-4-15

അളവ് പുസ്തകം : 2/15-16,8/15-16

മൂല്യനിർണ്ണയം- 949176. 66

(+) നികുതി. 11% 104409.43

ആകെ 1053586. 09 ie 1053586 രൂപ

തുക നൽകിയതിന്റെ വിവരം

| ബിൽ നംപർ | ആകെ മൂല്യം | VAT | IT | WF | കൺവീനർക്ക് നൽകിയത് |
|---|---|---|---|---|---|
| 4/15-16/27-7-15 | 400000 | 20000 | | 4000 | 376000 |
| 24/15-16/21-10-15 | 400000 | 20000 | | 4000 | 376000 |
| 26/15-16/29-10-15 | 200000 | 10000 | | 2000 | 188000 |
| തനത് ഫണ്ട് | 25000 | 1250 | | 250 | 23500 |
| 26/16-17/26-11-16 | 28586 | 1430 | 572 | 286 | 26298 |
| ആകെ | 1053586 | 52680 | 572 | 10536 | 989798 |

<u>കൺവീനർക്ക് നൽകാവുന്ന തുക</u>

മൂല്യനിർണ്ണയം(നികുതി ഉൾപ്പെടെ) 1053586 രൂപ

(-) VAT 10% 105359

(-) WF 1% 10536

(-) IT 1% <u>10536</u>

126431

കൺവീനർക്ക് നൽകാവുന്ന തുക 927155

കൺവീനർക്ക് നൽകിയ തുക 989798

കൺവീനർക്ക് അധികം നൽകിയ തുക 62643 രൂപ

VAT 10% തുക മൂല്യനിർണ്ണയത്തോട് കൂട്ടുകയും എന്നാൽ 5% മാത്രം റിക്കവറി നടത്തുകയും ചെയ്തത് വഴിയാണ് കൺവീനർക്ക് അധികം തുക നൽകേണ്ടി വന്നത്. അധികം നൽകിയ 62643 രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി താഴെ പറയും പ്രകാരം അടവാക്കേണ്ടതാണ്.

| ഇനം | തുക(രൂപ) |
|---|---|
| VAT | 52679 |
| IT | 9964 |
| ആകെ | 62643 |

## 3-2 ടാറിംഗ് പ്രവൃത്തികൾക്ക് ടാർ വാങ്ങിയത് പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം

നി. ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നത് പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം മാത്രമാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തിയുടെ വിശദാംശം | ടാർ വാങ്ങിയതിന്റെ വിശദാംശം | ടാർ വാങ്ങിയ തീയതി | പ്രവത്തി പൂർത്തിയാക്കിയ തീയതി |
|---|---|---|---|---|
| 1 | ചുള്ളിയോട് അംഗനവാടി റോഡ് ടാറിംഗ് 112/16, (ബഹുവർഷപദ്ധതി)<br>അടങ്കൽ: 270000 രൂപ<br>അ.പുസ്തകം: 55/15-16<br>ആകെ ചെലവ്: 270000 രൂപ<br>16-17ലെ ചെലവ്: 150000<br>ബിൽ നംപർ: 2/16-17 /30-9-16 | ബിൽ നംപർ: 16319/28-3- 16<br>അളവ്: 8 ബാരൽ<br>വില: 42121 രൂപ<br>സ്ഥാപനം: SIDCO | 28-3-16 | 21-3-16 |
| 2 | ചേരിപ്പറമ്പ് IHDP റോഡ് ടാറിംഗ് 183/15 (ബഹുവർഷപദ്ധതി)<br>അടങ്കൽ: 500000 രൂപ<br>അ.പുസ്തകം: 65/14-15<br>ആകെ ചെലവ്: 495000 രൂപ<br>16-17ലെ ചെലവ്:195000<br>ബിൽ നംപർ:18/16-17 /28-10-16 | ബിൽ നംപർ: 93171/23-3-16<br>അളവ്: 7.488 MT<br>വില: 241521 രൂപ<br>സ്ഥാപനം: ഭാരത്പെട്രോളിയം | 23-3-16 | 3-10-16 |
| 3 | കല്ലൻകോട് VCB റോഡ് പൂർത്തീകരണം 48/15-16 (ബഹുവർഷപദ്ധതി)<br>അടങ്കൽ: 200000 രൂപ<br>അ.പുസ്തകം: 48/14-15<br>ആകെ ചെലവ്: 200000 | ബിൽ നംപർ: 16201/24-3-16<br>അളവ്: 8 ബാരൽ<br>വില: 42245 രൂപ<br>സ്ഥാപനം: SIDCO | 24-3-16 | 15-3-16 |

| | | | | |
|---|---|---|---|---|
| | രൂപ<br>16-17ലെ ചെലവ്: 120000<br>ബിൽ നംപർ:20/16-17 /26-11-16 | | | |
| 4 | അമ്പാഴപറമ്പ് പുത്തനഴി റോഡ് റീടാറിംഗ് 113/16<br>(ബഹുവർഷപദ്ധതി)<br>അടങ്കൽ: 400000 രൂപ<br>അ.പുസ്തകം: 43/15-16<br>ആകെ ചെലവ്: 400000 രൂപ<br>16-17ലെ ചെലവ്: 280000<br>ബിൽ നംപർ:17/16-17 /21-10-16 | ബിൽ നംപർ: 16049/24-3-16<br>അളവ്: 17 ബാരൽ<br>വില: 89772 രൂപ<br>സ്ഥാപനം: SIDCO | 24-3-16 | 18-3-16 |
| 5 | മാങ്ങോടൻകുളമ്പ് വലിയാറത്തോട് റോഡ് റീടാറിംഗ് 231/16<br>(ബഹുവർഷപദ്ധതി)<br>അടങ്കൽ: 490000 രൂപ<br>അ.പുസ്തകം: 45/15-16<br>ആകെ ചെലവ്: 490000 രൂപ<br>16-17ലെ ചെലവ്: 490000<br>ബിൽ നംപർ:16/16-17 /21-10-16 | ബിൽ നംപർ: 16158/24-3-16<br>അളവ്: 6 ബാരൽ<br>വില: 31658 രൂപ<br>സ്ഥാപനം: SIDCO | 24-3-16 | 16-3-16 |
| 6 | മണിയംകുന്ന് പള്ളിറോഡ് ടാറിംഗ് 197/16<br>(ബഹുവർഷപദ്ധതി)<br>അടങ്കൽ: 290000 രൂപ<br>അ.പുസ്തകം: 50/15-16<br>ആകെ ചെലവ്: 290000 രൂപ | ബിൽ നംപർ: 16050/24-3-16<br>അളവ്: 7 ബാരൽ<br>വില: 36965 രൂപ<br>സ്ഥാപനം: SIDCO | 24-3-16 | 17-3-16 |

| | | | | |
|---|---|---|---|---|
| | 16-17ലെ ചെലവ്: 290000<br>ബിൽ നംപർ:15/16-17 /21-10-16 | | | |

പ്രവൃത്തി പൂർത്തിയാക്കുന്നതിന്ന് മുമ്പ് ടാർ വാങ്ങാതെ ടാറിംഗ് നടത്തിയത് എപ്രകാരമാണെന്ന് വിശദമാക്കേണ്ടതാണ്.

## 3-3 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , 2016-17 ൽഎടപ്പറ്റ ഗ്രാമപഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വിലയായി 71495/-രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നാളിതുവരെ വരവ് വന്നിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫോറം വില | ടെണ്ടർ ഫോറം എണ്ണം | ആകെ തുക |
|---|---|---|---|---|
| 1 | PHC കെട്ടിട പുനരുദ്ധാരംണം | 1450 | 2 | 2900 |
| 2 | കമ്പൻകല്ല് GLPS സ്മാർട്ട് ക്ളാസ്സ് റൂം | 2625 | 7 | 18375 |
| 3 | GLPS എടപ്പറ്റ സ്മാർട്ട് ക്ളാസ്സ് റൂം | 2625 | 7 | 18375 |
| 4 | പേഴുംതറ GLPS സ്മാർട്ട് ക്ളാസ്സ് റൂം | 2625 | 7 | 18375 |
| 5 | ചേരിപ്പറമ്പ് SC കോളനി കമ്മ്യൂണിററി ഹാൾ | 2625 | 3 | 7875 |
| 6 | പഞ്ചായത്തോഫീസ് മീറ്റിംഗ് ഹാൾ നിർമാണം | 1865 | 3 | 5595 |
| | ആകെ | | | 71495 രൂപ |

മേൽ തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

2014-15 വർഷത്തിൽ പ്രോജെക്ട് നംമ്പർ 123/14-15(ബഹുവർഷ പ്രോജെക്ട്,അടങ്കൽ 100000) ഭവനനിർമ്മാണംജനറൽ വിഭാഗത്തിൽ ഉസ്മാൻ കിഴക്കുംപുറത്ത്,പുളിയക്കോട് എന്നയാൾക്ക് ഒന്നാംഗഡുവായി 8333 രൂപ നൽകിയിട്ടുണ്ട്.(അക്കൗണ്ട് നംമ്പർ-67220315093/23-4-15).എന്നാൽ ടിയാൻ നാളിതുവരെ തുടർ ഗഡുക്കൾകൈപ്പറ്റുകയോ ഭവനനിർമ്മാണം പൂർത്തിയാക്കുകയോ ചെയ്യാത്തതിനാൽ ഭവന നിർമ്മാണംപൂർത്തിയാക്കാൻ നടപടി സ്വീകരിക്കുകയോ നൽകിയ തുക പലിശ സഹിതം തിരിച്ചീടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-5 തുല്യതാ പഠിതാക്കളുടെ പരീക്ഷ ഫീസ് നൽകൽ-രേഖകൾ ഹാജരാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണഉദ്യോഗസ്ഥനായിപ്രോജെക്ട് നംമ്പർ-106/17 തുല്യതാ പഠിതാക്കളുടെപരീക്ഷ ഫീസ് നൽകുന്നതിനായി 99200 രൂപ (തനത്ഫണ്ട്-62000,ഗുണഭോക്തൃവിഹിതം-37200 രൂപ) ഡയറക്ടർ,കേരള സ്റ്റേറ്റ് സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.(അക്കൗണ്ട് നംമ്പർ-57026996123).62 പഠിതാക്കളുടെ ഫീസ് തനത് ഫണ്ടിൽ നിന്ന് ആയിരം രൂപയും ഗുണഭോക്തൃവിഹിതം അറുനൂറ് രൂപയും ഉൾപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്.മേൽ തുകയുടെ കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നംമ്പർ 2/26-7-17 രേഖകൾ കിട്ടുന്ന മുറയ്ക്ക് ലഭ്യമാക്കാമെന്ന് ഹെഡ്മാസ്റ്റർ മറുപടി നൽകിയിട്ടുണ്ട്.മേൽ സാഹചര്യത്തിൽ 99200 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 മരുന്നുകൾ യഥാസമയം ലഭ്യമാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തിൽ ആയുർവേദ , പിഎച്ച്സി മെഡിക്കൽ ഓഫീസർമാർ നിർവ്വഹണഉദ്യോഗസ്ഥരായി ആയുർവേദ,ഹോമിയോ ആശുപത്രികളിലേക്കുംപ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്കും താഴെ പറയും പ്രകാരം മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജെക്ട് നംമ്പർ | പ്രോജെക്ടിന്റെ പേര് | പണം മുൻകൂർ നൽകപ്പെട്ട സ്ഥാപനം | തുക | ബിൽ നംമ്പർ/തീയതി | ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | SO107/17 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എംജിനോൺറോഡ് | ഔഷധി | 2,00000 | 1/16-17 തി.15-12-16 | 166059 |
| 2 | SO126/17 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റിവ് | 1,25000 | 2/16-17 തി. 14-2-17 | 100000 |

| | | | | | | |
|---|---|---|---|---|---|---|
| | | എംജി നോൺറോഡ് | ഫാർമസി ലിമിറ്റഡ് | | | |
| 3 | SO111/17 | പിഎച്ച്സിയിലേക്ക് മരുന്നു വാങ്ങൽ എംജി നോൺറോഡ് | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 2,00000 | 11/16-17 തി.9-3-17 | ലഭ്യമായിട്ടില്ല |
| 4 | SO089/17 | പരിരക്ഷ പ്രോജെക്ടിന് മരുന്നു വാങ്ങൽ വികസന ഫണ്ട് | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 25000 | 12/16-17 തി.9-3-17 | ലഭ്യമായിട്ടില്ല |
| 5 | SO112/17 | വൃദ്ധൻമാർക്കുള്ള പരിരക്ഷാ പ്രോജെക്ടിന് മരുന്നു വാങ്ങൽ വികസനഫണ്ട് | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 25000 | 21/16-17 തി.30-3-17 | ലഭ്യമായിട്ടില്ല |

ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക 33941+25000+250000രൂപ തടസ്സം ചെയ്യുന്നു.

## 3-7 ആശ്രയ പദ്ധതി അവലോകനം

കുടുംബശ്രീ മുഖേന ആശ്രയ പദ്ധതികൾക്ക് മുൻഗണന നൽകാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.ഗുണഭോക്താക്കൾക്ക് പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന്ന് പഞ്ചായത്തുകൾ മുന്തിയ പരിഗണന നൽകേണ്ട ഉണ്ട്.എന്നാൽ പഞ്ചായത്ത് ഈ കാര്യത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.സാമ്പത്തിക വർഷത്തിൽ ഭക്ഷ്യധാന്യക്കിറ്റുകൾ വിതരണം മാത്രമാണ് ചെയ്തിട്ടുള്ളത് .വീട്ടു നിർമ്മാണം ,വീട് റിപ്പയർ ,മററ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന്ന് പ്രോജക്ട് തയ്യാറാക്കുകയോ തയ്യാറാക്കിയവ നിർവ്വഹണം നടത്തുകയോ ചെയ്തിട്ടില്ല.

31.3.2017 ൽ ആശ്രയ ഫണ്ടിലുള്ള നീക്കിയിരിപ്പിൻെറ വിശദ വിവരം ചുവടെ ചേർക്കുന്നു

| അക്കൗണ്ട് നം | ബാങ്ക് | തുക | ഇനം |
|---|---|---|---|
| 1437 | ഇ.എസ്.ഇ.ബി | 593585 | തനത് ഫണ്ട് |
| 5903 | ഇ.എസ്.ഇ.ബി | 6471 | FFC |
| 67056724078 | എസ്.ബി.ടി | 29324 | ആശ്രയ |
| 4650 | ഇ.എസ്.ഇ.ബി | 591651 | ആശ്രയ |
| ആകെ | | 1221031/- | |

ആശ്രയ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ 2014-15 വർഷത്തിൽ വീട് നിർമ്മാണ പ്രോജക്ടിന്ന് അനുവദിച്ച തുക യിൽ 125000/-രൂപ നീക്കിയിരിപ്പ് ഉണ്ട്.ശ്രീമതി.ഗീത ചെറുതല (ആശ്രയ ഗുണഭോക്തൃ നമ്പർ 10)ചെക്ക് നം 32341/10.5.13 പ്രകാരം 12500/-രൂപ അനുവദിച്ചു (ആകെ തുക -125000/-) ,ഗുണഭോക്താവ് പദ്ധതി പൂർത്തീകരിച്ചതായി രേഖകൾ ഹാജരാക്കിയിട്ടില്ല.നിർമ്മാണം പൂർത്തികരിക്കുകയോ തുക പലിശ സഹിതം തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.ആശ്രയ പദ്ധതി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 3-8 കൃഷി ഓഫീസറുടെ പദ്ധതി പൂർത്തീകരണം സംബന്ധിച്ച്

കൃഷി ഓഫീസറുടെ താഴേപ്പറയുന്ന പദ്ധതികളുടെ പൂർത്തീകരണം സം ബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല

| പ്രോജക്ട്/നം | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|
| 103/16-17-നീർത്തട മാസ്റ്റർ പ്ലാൻ | 125000 | 125000 | 6/16-1715.3.17 |
| 102/16-17-ജൈവ വൈവിദ്ധ്യ രജിസ്റ്റർ | 125000 | 6099 | 5/16-1/15.3.17 |

പ്രോജക്ട് പൂർത്തീകരണം സംബന്ധിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-9 O.D.F ലാട്രിൻ നൽകിയതിലെ അപാകതകൾ

O.D.F ന്റെ ഭാഗമായി ലാട്രിൻ നൽകിയതിൽ ക്രമനം 219 ശ്രീ.കൃഷ്ണൻകുട്ടി എന്ന് ഗുണഭോക്താവിന്ന് 2016-17 ലെ എസ്.സി.ഡി.ഒ കാളികാവ് , ലാട്രിൻ നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും 25000/-രൂപ കൈപ്പറ്റിയിട്ടുള്ളതുമാണെന്ന് എടപ്പറ്റ പഞ്ചായത്ത് എസ്.സി പ്രോമോട്ടർ സമർപ്പിച്ചിട്ടുള്ള രേഖയിൽ നിന്ന് വ്യക്തമായിട്ടുണ്ട് .സർക്കാർ ആനുകൂല്യത്തിൽ ഇരട്ടിപ്പ് സംഭവിച്ചത് സംബന്ധിച്ച് പരിശോധിച്ച് ഭരണസമിതി യുക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി നം/ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,50,000 | 133/17, ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,50,000 | 00 |

| | | | | |
|---|---|---|---|---|
| | 1,50,000 | 125/17,പാലിന് സബ്സിഡി | 93,809 | 56191 |
| | 3,00,000 | | 2,43,809 | 56191 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | 1418300 | 1418300 | പൂർത്തീകരിച്ച |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/ തിരിച്ചടവ് വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

(2016-17) വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | 5000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 33,098 രൂപ ഈടാക്കിയിട്ടുണ്ട്. വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | ഒടുക്കു വരുത്തിയ ഉദ്യോഗസ്ഥന്റെ പേര് | ഒടുക്കിയ തുക | രശീതി നം. /തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 2002-03 | 3-12 | ശ്രീ.തോമസ് ജോസഫ്.UDC | 98.00 | 11603101314/ 24.09.2016 | |

| | | | | | |
|---|---|---|---|---|---|
| 2011-12 ,2012-13 | 3-11.2(1), 3-11.2(2) &3-11.2(5) | ശ്രീ. നിസ്സാർ.എസ്സ്., സെക്രട്ടറി | 33,000.00 | 11603100456/03.06.2016 | |
| ആകെ | | | 33,098.00 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00 3(10) | 2004-05 | ഡെപ്പോസിറ്റ് പ്രവൃത്തി | കമ്മിറ്റി പരിഗണനയിൽ |
| 2000-01 2(9) | | | |
| 2001-02 3(10) | | | |
| 2006-07 3(25) | 2009-10 | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61635049 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62899184 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,08,141 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 99,200 | ശ്രീ.അബ്ദുൽ ഖാദർ,ഹെഡ് മാസ്റ്റർ |
| 3-6 | 33941 | ഡോ. ദിൽഷ.കെ.ബി., മെഡിക്കൽ ഓഫീസർ, (ആയുർ വേദം ) |
| | 25000 | ഡോ. ദിൽഷ.കെ.ബി., മെഡിക്കൽ ഓഫീസർ, (ആയുർ വേദം ) |
| | 250000 | ഡോ. സജ്ന, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. ) |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 62643 | ശ്രീ.എം.പി.ജോസ്, അസി.എഞ്ചിനീയർ |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എം.13/2957/2014/ 8.1.2015 | 12 |
| 1998-99 | എൽ.എഫ്.എം.13/2958/2014/8.1.2015 | 6 |
| 1999-00 | എൽ.എഫ്.എം.13/2959/2014/8.1.2015 | 6 |
| 2000-01 | എൽ.എഫ്.എം.13/2960/2014/8-1-2015 | 10 |
| 2001-02 | എൽ.എഫ്.എം.(16)1864/2004/7.7.2010 | 19 |
| 2002-03 | എൽ.എഫ്.എം.(16)908/2006/7.7.2010 | 12 |
| 2003-04 | എൽ.എഫ്.എം.(16)1171/2009/7.7.2010 | 12 |
| 2004-05 | എൽ.എഫ്.എം.(16)1739/2009/7.7.2010 | 27 |
| 2005-06 | എൽ.എഫ്.എം.(16)261/2009 /7.7.2010 | 23 |
| 2006-07 | എൽ.എഫ്.എം.(16)511/2010/7.10.2010 | 44 |
| 2007-08 | എൽ.എഫ്.എം.(14)1422/2010/07/07/2010 | 04 |
| 2008-09 2009-10 2010-11 | എൽ.എഫ്.എം.(13)199/2013/ 19/04/2013 | 14 |
| 2011-12 2012-13 | കെ.എസ്.എ.എം.പി.എം.(13)1256/2015/ 09/11/2015 | 31 |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം13/1842/16 /28/07/2016 | 26 |
| 2015-16 | കെ.എസ്.എ.എം.പി.എം13/3399/2016 / 11-01-2017 | 06 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 5-1

## ഓഡിററ് സർട്ടിഫിക്കറ്റ്

കെ.എസ്. എ.എം പി .എം.13/1824/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി .21-08-2017.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 31-03-2017 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറ് വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയരക്ടർ,
മലപ്പുറം.

എം.എ.8/17

No. KSA/MPM.13/1824/2017

Kerala State Audit Department,
District Office, Malappuram.
Date 21-08-2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Edappatta Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Edappatta Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.